**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3342** **26-06-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം സംബന്ധിച്ച് അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അദാലത്ത് പരിശോധന നടത്തുന്നത്; ഏത് കാലയളവിലെ അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. നിയമനാംഗീകാരം തസ്തിക നിർണ്ണയം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ നിലവിൽ തീർപ്പാക്കാനവശേഷിക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയും ബഹു.ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിനനുസൃതമായും സർക്കാർ സ.ഉ.(കൈ) നം.111/2022/പൊ.വി.വ തീയതി 25/06/2022, സ.ഉ.(കൈ) നം.29/2023/ പൊ.വി.വ തീയതി 24/03/2023, ജെ.ആർ1/502/2023 തീയതി 01/11/2023, ജെ.ആർ1/502/2023 തീയതി 24/1/2024, ജെ.ആർ1/502/2023 തീയതി 06.05.2024 എന്നിവ പ്രകാരം ഭിന്നശേഷി സംവരണ നിയമനം സംബന്ധിച്ചും അദ്ധ്യാപക നിയമന അംഗീകാരം സംബന്ധിച്ചും പുറപ്പെടുവിച്ച മാർഗ നിർദേശങ്ങൾക്കനുസൃതമായി തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെ സ്ഥിരനിയമനം നടത്തുവാൻ സാധിക്കാത്തത് അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ